(ഡി) ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽ പട്ടയ വിതരണ പരിപാടി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതിനുശേഷം എത്ര കൃഷിക്കാർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ഇ) ഇനി എത്രപേർക്ക് പട്ടയം നൽകാനുണ്ട്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 50,255 കൃഷിക്കാർക്ക് കൈവശഭൂമിയിൽ പട്ടയം നൽകിയിട്ടുണ്ട്.

(ബി) ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	-	1681 പേർക്ക്
കൊല്ലം	-	985 പേർക്ക്
പത്തനംതിട്ട	-	748 പേർക്ക്
ആലപ്പുഴ	-	കൃഷിക്കാർക്ക് പട്ടയം നൽകിയിട്ടില്ല
കോട്ടയം	-	5200 പേർക്ക്
ഇടുക്കി	-	731 പേർക്ക്
എറണാകുളം	-	കൈവശ കൃഷിക്കാർക്ക് പട്ടയം നൽകിയിട്ടില്ല
തൃശ്ശൂർ	-	4914 പേർക്ക്
പാലക്കാട്	-	9025 പേർക്ക്
മലപ്പുറം	-	139 പേർക്ക്
കോഴിക്കോട്	-	4985 പേർക്ക്
വയനാട്	-	728 പേർക്ക്
കണ്ണൂർ	-	12152 പേർക്ക്
കാസർഗോഡ്	-	8967 പേർക്ക്

(സി) 14276/1993-ാം നമ്പർ ഒ.പി.യിലെ 28540/94-ാം നമ്പർ സി.എം.പി.യിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച നിരോധന ഉത്തരവാണ് പട്ടയം നൽകുന്നതിന് തടസ്സമായിരുന്നത്.

(ഡി) 731 കൃഷിക്കാർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഇ) ഇടുക്കി ജില്ലയിൽ ഇനി 38,353 പേർക്ക് പട്ടയം നൽകുവാനുണ്ട്.

17 (*137) റവന്യൂ കാർഡുമൂലമുള്ള പ്രയോജനം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കുടുംബാംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള റവന്യൂ കാർഡ് വിതരണത്തിന് തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് റവന്യൂകാർഡ് നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ പ്രാരംഭ നടപടികൾ/ചർച്ചകൾ നടത്തിയിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) റവന്യൂ കാർഡ്മൂലം സംസ്ഥാനത്തെ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത റവന്യൂകാർഡ് ഏതൊക്കെ ഉപയോഗങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് വിശദമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്. ആദ്യഘട്ടമെന്ന നിലയിൽ എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ റവന്യൂ കാർഡ് വിതരണം ആരംഭിക്കുകയും ഇതിനോടകം 4000 കുടുംബങ്ങൾക്ക് റവന്യൂകാർഡുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പറവൂർ താലൂക്കിലെ ബാക്കി കുടുംബങ്ങൾക്കും നൽകുവാനുള്ള കാർഡ് തയ്യാറാക്കി വരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 29.7.1993-ലെ ജി.ഒ. ആർ.ടി. 3106/93/റവ.നമ്പർ ഉത്തരവു പ്രകാരം സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. 22.7.94-ലെ ജി.ഒ. (എം.എസ്.) നം.397/94/റവ. നമ്പർ ഉത്തരവു പ്രകാരം റവന്യൂ കാർഡ് സമ്പ്രദായം നടപ്പിലാക്കുവാൻ തത്വത്തിൽ തീരുമാനിക്കുകയുണ്ടായി. 16.3.96-ലെ ജി.ഒ.എം.എസ്. നം.184/96/റവ നമ്പർ ഉത്തരവു പ്രകാരം റവന്യൂ കാർഡ് നൽകുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുവാൻ കുടുംബസർവേ നടത്തുവാനും സർവേ ജോലികൾ നടത്തുന്നതിനാവശ്യമായ അദ്ധ്യാപകരെ ലഭ്യമാക്കുവാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും കുടുംബസർവേ നടത്തുന്നതിനുള്ള മാതൃകാ ഫാറത്തിന്റെ പ്രതികൾ പ്രിന്റ് ചെയ്യുന്നതിന് പ്രിന്റിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും റവന്യൂ കാർഡിന്റെ പ്രാരംഭ ചെലവിനങ്ങൾക്കായി 1995-96 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉളൾക്കൊള്ളിച്ചിരുന്നു. എന്നാൽ 1996 ഏപ്രിൽ മാസത്തെ പൊതുതെരഞ്ഞെടുപ്പിനെ തുടർന്ന് സർവേ ജോലികളൊന്നും ആരംഭിക്കുകയുണ്ടായില്ല.

(സി) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും റവന്യൂ കാർഡിന്റെ പ്രയോജനം ലഭിക്കും.

(ഡി) ഒരു കുടുംബത്തിലെ വ്യക്തികളെ സംബന്ധിച്ച് വയസ്, ജാതി, മതം, തൊഴിൽ, വരുമാനം, ലഭിക്കുന്ന ആനുകൂല്യങ്ങൾ, ബാദ്ധ്യതകൾ, കൈവശമുള്ള ഭൂമി, കെട്ടിടം എന്നിവ സംബന്ധിച്ചും തദ്ദേശസ്ഥാപനങ്ങൾ, മറ്റ് സർക്കാർ ആഫീസുകൾ എന്നിവ നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് പകരമായി റവന്യൂ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആധികാരിക രേഖയായി ഉപയോഗിക്കാവുന്നതാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസങ്ങൾ, അലവൻസുകൾ, സ്റ്റാറ്റ്യൂട്ടറി അല്ലാത്ത പെൻഷനുകൾ, സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ, സർക്കാരിൽനിന്ന് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്നിവ റവന്യൂകാർഡിൽ ഉൾപ്പെടുത്തും. ഭൂമി സംബന്ധമായ വിൽപ്പന, ദാനം, പണയം, പാട്ടം, പരസ്പരം കൈമാറ്റം, ഭാഗഉടമ്പടി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ റവന്യൂ കാർഡിൽ ഉൾപ്പെടുത്തും.

LIBRARY ARCHIVES Kerala Legislative Assembly